**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1870** **29-07-2021 - ൽ മറുപടിയ്ക്ക്**

**ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ട് എന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 114 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ച വരുന്നുണ്ട്. അവയുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവയിൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നറിയിക്കാമോ; | (ബി) | 43 പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ വേണ്ടി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (സി) | വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഉൽപ്പാദന സംവിധാനങ്ങളുടെ കാലാനുസൃതമായ നവീകരണം, വിപുലീകരണം, വിപണന സാധ്യത എന്നിവ കണക്കിലെടുത്ത് ഉല്പാദന രംഗത്ത് വൈവിധ്യവത്ക്കരണം നടപ്പിലാക്കുക, നിലവിലെ വിപണി വിപുലീകരിക്കുക എന്നീ കാര്യങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ച വരുന്നത്. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന സ്ഥാപനങ്ങൾക്ക് അത്യാവശ്യ ധനസഹായവും സർക്കാർ നൽകുന്നുണ്ട്. ഇതു കൂടാതെ ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം പ്രത്യേകമായി അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തനം സംബന്ധിച്ച വിവിധ പ്രശ്നങ്ങൾക്ക് സമയ ബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നുണ്ട്. ഇതിന്റെ ഫലമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്രസർക്കാരിന്റെ ഡിസ് ഇൻവെസ്റ്റ്മെന്റ് നയം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ | (ഡി) | ഉണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെപ്പോലും |

| | | | |
|---|---|---|---|
| | മോശമായി ബാധിച്ചിട്ടുണ്ടോ; | | സ്വകാര്യവത്ക്കരിക്കുന്ന നയം കേന്ദ്ര സർക്കാർ പിന്തുടരുമ്പോൾ വ്യവസായ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ബദൽ വികസന കർമ്മ പരിപാടികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് കേന്ദ്ര സർക്കാർ സ്വകാര്യ വത്ക്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിഡറ്റിന്റെ പാലക്കാട് യൂണിറ്റ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ), കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡും, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡ് (ഭെൽ) മായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് എന്നിവ ഏറ്റെടുക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (ഇ) | കോവിഡ് പ്രതിസന്ധി കാരണം പ്രയാസത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഇ) | കോവിഡിന്റെ വ്യാപനം കാരണം രാജ്യമാകെ ഏർപ്പെടുത്തിയ ലോക് ഡൗൺ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും ബാധിച്ചിട്ടുണ്ട്. ഗതാഗത സംവിധാനങ്ങൾ നിർത്തലാക്കിയതിനെ തുടർന്ന് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഉൽപ്പാദന ശേഷിയിലുണ്ടായ കുറവ്, ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ നേരിട്ട പ്രയാസങ്ങൾ, ഉല്പന്നങ്ങൾക്കുണ്ടായ വിലയിടിവ് എന്നിവയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ട പ്രധാന പ്രതിസന്ധികൾ. സർക്കാർ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തി നൽകുന്ന പ്രവർത്തന മൂലധന സഹായം കോവിഡ് മൂലമുണ്ടായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി സ്ഥാപനങ്ങൾക്ക് വളരെയധികം സഹായകരമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതിനായി 30 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും പ്രസ്തുത തുക അടിയന്തിര സഹായം ആവശ്യമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുകയുണ്ടായി. എന്നാൽ പ്രതികൂല സാഹചര്യത്തിലും പ്രവർത്തനങ്ങൾ വിപുലീകരിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള ഭരണനടപടികാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

ANNEXURE

| Sl.No | Name of Company & Administrative Department |
|---|---|
| | **INDUSTRIES DEPARTMENT** |
| 1 | Kerala Artisans Development Corporation Ltd |
| 2 | Autokast Ltd. |
| 3 | Kerala State Bamboo Corporation Ltd. |
| 4 | The Kerala State Cashew Devolopment Corporation Ltd. (30 factories) |
| 5 | Kerala Clays & Ceramic Products Ltd. |
| 6 | The Kerala State Coir Corporation ltd. |
| 7 | Kerala State Drugs & Pharmaceuticals Ltd. |
| 8 | Kerala Electrical & Allied Engineering Company Ltd. |
| 9 | Foam Mattings (India) Ltd. |
| 10 | Forest Industries (Travancore) Ltd |
| 11 | Handicrafts Development Corporation of Kerala Ltd. |
| 12 | Kerala State Handloom Development Corporation Ltd. |
| 13 | Kerala Industrial Infrastructure Development Corporation Ltd. |
| 14 | Kerala State Electronic Development Corporation Ltd. (KELTRON) |
| 15 | Keltron Electro Ceramics Ltd. |
| 16 | Keltron Component Complex Ltd. |
| 17 | Kerala Automobiles Ltd. |
| 18 | Kerala Ceramics Ltd. |
| 19 | Kerala Khadi & Village Industries Board |
| 20 | Kerala State Industrial Development Corporation Ltd. |
| 21 | Kerala State Industrial Enterprises Ltd. |
| 22 | Kerala Small Industries Development Corporation Ltd. |
| 23 | Malabar Cements Ltd. |
| 24 | Kerala Minerals & Metals Ltd. |
| 25 | The Metal Industries Ltd. |
| 26 | Kerala State Palmyrah Products Development & Workers's Welfare Corporation Ltd. |
| 27 | Sitaram Textiles Ltd. |
| 28 | Steel & Industrial Forgings Ltd. |
| 29 | SAIL-SCL Ltd |
| 30 | Steel Industrials Kerala Ltd. |
| 31 | Kerala State Textile Corporation Ltd. |
| 32 | Traco Cable Company Ltd. |
| 33 | Transformers & Electricals Kerala Ltd. |

| | |
|---|---|
| 34 | The Travancore Cements Ltd, |
| 35 | The Travancore - Cochin Chemicals Ltd. |
| 36 | Travancore Titanium Products Ltd. |
| 37 | United Electrical Industries Ltd. |
| 38 | Kerala State Mineral Development Corporation Ltd. |
| 39 | Kerala Cashew Board Ltd |
| 40 | Kerala State Coir Machinery Manufacturing company Ltd |
| 41 | Trivandrum Spinning Mills Ltd |
| 42 | CAPEX – Kerala State Cashew Workers Apex Industrial Co-operative Society (10 factories) |
| | **CO-OPERATIVE SPINNING MILLS UNDER TEXFED** |
| 43 | Alleppy Co-operative Spinning Mills Ltd |
| 44 | Quilon Co-operative Spinning Mills Ltd |
| 45 | Trichur Co-operative Spinning Mills Ltd |
| 46 | Cannannore Co-operative Spinning Mills Ltd |
| 47 | Priyadarshini Co-operative Spinning Mills Ltd |
| 48 | Malabar Co-operative Spinning Mills Ltd |
| 49 | K. Karunakaran Memorial Co-operative Spinning Mills Ltd |
| 50 | Malappuram Co-operative Spinning Mills Ltd |
| | **FINANCE DEPARTMENT** |
| 51 | Kerala Financial Corporation |
| | **TOURISM DEPARTMENT** |
| 52 | Kerala Tourism Development Corporation Ltd |
| 53 | Kerala Tourism Infrastructure Ltd. |
| 54 | Bekal Resorts Development Corporation Ltd. |
| | **LOCAL SELF GOVERNMENT DEPARTMENT** |
| 55 | Kerala Urban & Rural Development Finance Corporation Ltd. |
| 56 | Cochin Smart Mission Ltd |
| 57 | IMPACT Kerala Ltd |
| 58 | Smart City Thiruvananthapuram Ltd |
| | **AGRICULTURE DEPARTMENT** |
| 59 | Kerala Agro Industries Corporation Ltd. |
| 60 | The State Farming Corporation of Kerala Ltd. |
| 61 | Kerala State Horticultural Products Corporation Ltd. |
| 62 | Kerala Agro Machinery Corporation Ltd. |
| 63 | Kerala Land Development Corporation Ltd. |
| 64 | Oil Palm India Ltd. |
| 65 | The Plantation Corporation of Kerala Ltd. |

| | |
|---|---|
| 66 | Kerala State Warehousing Corporation Ltd. |
| 67 | Kerala Feeds Ltd |
| 68 | Vazhakulam Agro and Fruit Processing Company Ltd |
| | **AGRI (ANIMAL HUSBANDRY) DEPT.** |
| 69 | Kerala Livestock Development Board Ltd. |
| 70 | Meat Products of India Ltd. |
| 71 | Kerala State Poultry Development Corporation Ltd. |
| | **CULTURE DEPARTMENT** |
| 72 | Kerala 'State Film Development Corporation Ltd. |
| | **INFORMATION TECHNOLOGY DEPARTMENT** |
| 73 | Indian Institute of Information Technology and Management -Kerala |
| 74 | Kerala State InfOrmation Technology and Infrastructure Ltd |
| | **NORKA DEPT** |
| 75 | Norka Roots Ltd |
| 76 | Overseas Keralites Investment and Holding Ltd |
| | **PUBLIC WORKS DEPARTMENT** |
| 77 | Kerala State Construction Corporation Ltd. |
| 78 | Roads & Bridges Development Corporation of Kerala Ltd. |
| | **COASTAL SHIPPING & INLAND NAVIGATION DEPARTMENT** |
| 79 | Kerala Shipping & Inland Navigation Corporation Ltd. |
| | **TRANSPORT DEPARTMENT** |
| 80 | Kerala Transport Development Finance Corporation Ltd. |
| 81 | Kerala State Road Transport Corporation |
| 82 | Kerala Rail Development Corporation |
| | **HEALTH DEPARTMENT** |
| 83 | Kerala Medical Services Corporation Ltd |
| | **AYUSH DEPARTMENT** |
| 84 | The Pharmaceutical Corporation (IM) Kerala Ltd. |
| | **FOREST DEPARTMENT** |
| 85 | Kerala Forest Development Corporation Ltd. |
| 86 | Kerala Water Authority |
| 87 | Kerala Irrigation Infrastructure Development Corporation Ltd |
| | **LABOUR DEPARTMENT** |
| 88 | Overseas Development & Employment Promotion Consultants Ltd. |
| 89 | The Rehabilitation Plantations Ltd. |

| | |
|---|---|
| 90 | Kerala Academy for Skills Excellence |
| | **FOOD & CIVIL SUPPLIES DEPT.** |
| 91 | Kerala State Civil Supplies Corporation Ltd. |
| | **TAXES DEPARTMENT** |
| 92 | Malabar Distelleries Ltd |
| 93 | Kerala State Beverages (M&M) Corpn. Ltd. |
| 94 | Kerala State Financial Enterprises Ltd. |
| 95 | The Travancore Sugars & Chemicals Ltd. |
| | **SC/ST DEVELOPMENT DEPT.** |
| 96 | Aralam Farming Corporation of (Kerala) Ltd |
| 97 | The Kerala State Development Corporation for SC/ST Ltd. |
| | **BACKWARD CASTES DEV.DEPT** |
| 98 | Kerala State Development Corporation For Christian Converts from Scheduled Castes and Recommended Communities Ltd. |
| 99 | Kerala State Backward Classes Development Corporation Ltd. |
| | **SOCIAL JUSTICE DEPARTMENT** |
| 100 | Kerala State Handicapped Persons Welfare Corporation Ltd. |
| 101 | Kerala State Women's Development Corporation Ltd. |
| | **GENERAL EDUCATION DEPT** |
| 102 | Kerala Infrastructure and Technology for Education Ltd |
| | **POWER DEPARTMENT** |
| 103 | Kerala State Electricity Board Ltd |
| 104 | Kerala State Power & Infrastructure Finance Corporation Ltd |
| | **HOUSING DEPARTMENT** |
| 105 | Kerala State Housing Board |
| | **HOME DEPARTMENT** |
| 106 | Kerala Police Housing & Construction Corporation Ltd. |
| | **FISHERIES DEPT** |
| 107 | Kerala State Coastal Area Development Corporation Ltd |
| 108 | Kerala Aqua Ventures International Ltd |
| | **PORTS DEPARTMENT** |
| 109 | Vizhinjam International Sea port |
| 110 | Kerala State Maritime Development Corporation Ltd. |
| | **GENERAL ADMINISTRATION (SAINIK WELFARE) DEPARTMENT** |
| 111 | Kerala State Ex-Servicemen Development & Rehabilitation Corporation |
| | **GENERAL ADMINISTRATION (MW) DEPARTMENT** |
| 112 | Kerala State Minorities Development Finance Corporation Ltd |

| | |
|---|---|
| | **GENERAL ADMINISTRATION (CO ORDINATION) DEPARTMENT** |
| 113 | Kerala State Welfare Corporation for Forward Communities Ltd, (Samunnathi) |
| | **PLANNING & ECONOMIC AFFAIRS DEPARTMENT** |
| 114 | Vision Varkala Infrastructure Development Corporation Ltd. |

സെക്ഷൻ ഓഫീസർ